# കാന്റീൻ ക്വട്ടേഷൻ നോട്ടീസ്

ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് കോമ്പൗണ്ടിനുള്ളിൽ പ്രത്യേകം പണിയിച്ചിട്ടുള്ള കെട്ടിടത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കാന്റീൻ നടത്തുവാൻ താല്പര്യം ഉള്ളവരിൽ നിന്നും മുദ്ര വച്ച കോട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വോട്ടേഷനുകൾ 15.05.2025 ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി മാനേജ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം ഉച്ചക്ക് 2 മണിക്ക് ക്വാട്ടേഷനുകൾ മാനേജ്മെന്റ് ഓഫീസിൽ വച്ചു തദവസരത്തിൽ സന്നിഹിതരായുള്ളവരുടെ സാന്നിധ്യത്തിൽ പൊട്ടിക്കുന്നതും ശേഷം കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കരാർ ഉറപ്പിച്ചു കൊടുക്കുന്നതുമാണ്. ക്വട്ടേഷൻ ഫോം മാനേജ്മെന്റ് ഓഫീസിലും കോളേജ് വെബ്സൈറ്റിലും ലഭിക്കും.

**നിബന്ധനകൾ**

1. കരാർ ലഭിക്കുന്നയാൾ കരാർ ലഭിച്ചാൽ ഉടൻ കരുതൽ ധനമായി 25000/- രൂപ മാനേജ്മെന്റ് ഓഫീസിൽ അടച്ചിരിക്കണം.
2. കാന്റീന് വേണ്ടി വിട്ടുതരുന്ന കെട്ടിടത്തിനോ, മറ്റു സാധനങ്ങൾക്കോ യാതൊരുവിധ കേടുപാടുകളോ, രൂപമാറ്റമോ വരുത്തുവാൻ പാടുള്ളതല്ല. മറിച്ച് സംഭവിച്ചാൽ കരുതൽ ധനം മുതൽകൂട്ടുകയും സ്ഥാപനത്തിന് വരുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതുമാണ്.
3. കരാറിന്റെ കാലാവധി സാധാരണയായി കരാർ ഒപ്പിടുന്ന തീയതി മുതൽ 11 മാസമായിരിക്കും.
4. കാന്റീൻ നടത്തിപ്പിലേക്കു വേണ്ടുന്ന സാധന സാമഗ്രികൾ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റു റെഗുലേറ്ററി അതോറിറ്റികളിൽ നിന്നുള്ള ലൈസെൻസുകളും കാന്റീൻ നടത്തിപ്പിന് ആവശ്യമായ മറ്റു അനുമതികളും മുൻപരിചയം ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്ന രേഖയും കരാറുകാരൻ തന്നെ സമ്പാദിക്കേണ്ടതും പ്രസ്തുത രേഖകൾ ക്വട്ടേഷനോടൊപ്പം വയ്ക്കേണ്ടതുമാണ്.
6. കാന്റീൻ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്.
7. ഇതിൽ നിർദേശിക്കും പ്രകാരം തൂക്കത്തിലും അളവിലും ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യേണ്ടതാണ്.
8. ആരോഗ്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരമുള്ള ആഹാരപദാർഥങ്ങൾ മാത്രമേ ക്യാന്റീനിൽ വിതരണം ചെയ്യുവാൻ പാടുള്ളൂ.
9. കരാർനീട്ടുവാനോ കാലാവധിക്ക് മുൻപായി കരാറുകാരനെ പിരിച്ചു വിടാനോ മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.
10. മാനേജർ ചുമതലപ്പെടുത്തുന്ന ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലായിരിക്കും കാന്റീൻ പ്രവർത്തിക്കുക. കമ്മിറ്റിക്ക് ഏതവസരത്തിലും കാന്റീൻ നടത്തിപ്പും ഭക്ഷണസാധനങ്ങൾ പരിശോധിക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്.
11. വിലവിവര പട്ടിക ക്യാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.
12. കാന്റീൻ ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജുകൾ കരാറുകാരൻ തന്നെ അതാത് മാസം മാനേജ്മെന്റ് ഓഫീസിൽ അടക്കേണ്ടതാണ്.
13. ക്യാന്റീന്റെ പ്രവർത്തനം കോളേജ് പ്രവർത്തി ദിവസങ്ങളിൽ മാത്രമായിരിക്കുന്നതും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8.00 മുതൽ വൈകിട്ട് 5.30 വരെ ആയിരിക്കേണ്ടതാണ്. അവധി ദിവസങ്ങളിലും മേൽ പറഞ്ഞിരിക്കുന്ന സമയത്തിന് മുൻപും ശേഷവും പ്രിൻസിപ്പാൾ പറയുന്നതനുസരിച്ച് കാന്റീൻ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
14. മാനേജരുടെ/പ്രിൻസിപ്പാളിന്റെ മുൻകൂട്ടിയുള്ള അനുമതികൂടാതെ ക്യാന്റീന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ പാടുള്ളതല്ല.
15. കാന്റീൻ കമ്മിറ്റിയുടെ അനുമതി കൂടാതെ ക്യാന്റീന്റെ ഭക്ഷ്യവസ്തുക്കളോ മറ്റു സാധനങ്ങളോ ക്യാമ്പസിന് പുറത്തേക്ക് വിനിമയം ചെയ്യാൻ പാടുള്ളതല്ല.
16. ഉപയോഗ ശൂന്യമായ ആഹാരസാധനങ്ങളും (പ്ലാസ്റ്റിക്കുകളും മറ്റും) സ്വന്തം ചിലവിൽ അതാത് ദിവസം ക്യാമ്പസിൽ നിന്നും നീക്കേണ്ടതാണ്.

മാനേജർ

സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല